(എഫ് &ജി) ഡീസൽ/എൽ.എസ്.എച്ച്.എസ്. ഉപയോഗം സംബന്ധിച്ച പരിശോധന നടത്തിയിരുന്നു. ഇന്ധന ഉപയോഗത്തെ സംബന്ധിച്ച ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണെന്ന് ആഡിറ്റ് റിപ്പോർട്ടിൽ തെളിഞ്ഞിട്ടുണ്ട്.

മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ വൈദ്യുതി കണക്ഷന് വേണ്ടിയുള്ള ബുദ്ധിമുട്ടുകൾ

107 (274) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ മിനിമം ഗ്യാരണ്ടി വ്യവസ്ഥയിൽ വൈദ്യുതി കണക്ഷനു വേണ്ടിയുള്ള അപേക്ഷ നൽകി മാസങ്ങൾ കഴിഞ്ഞിട്ടും കണക്ഷൻ നൽകിയിട്ടില്ലാത്തതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കിളിമാനൂർ, പുളിമാത്ത്, പഴയ കുന്നുമ്മേൽ, മടവൂർ, പള്ളിക്കൽ, നാവായിക്കുളം, കരവാരം,നഗരൂർ, മുദാക്കൽ എന്നീ പഞ്ചായത്തുകളിൽ ഓരോന്നിലും മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ വൈദ്യുതി കണക്ഷനു വേണ്ടി അപേക്ഷ നൽകിയിട്ടുള്ളവർ എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) ഇവർക്ക് എന്നത്തേക്ക് വൈദ്യുതി കണക്ഷൻ നല്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നാവായിക്കുളം പഞ്ചായത്തിൽ 1994-95-ൽ അനുമതി നല്കിയ ഒരു വർക്കിൽ പത്തു പേരും, മുദാക്കൽ പഞ്ചായത്തിൽ 96-97-ൽ അനുമതി നല്കിയ രണ്ടു വർക്കുകളിലായി 56 പേരുമാണ് അപേക്ഷകരായി ഉള്ളത്.

(സി) 31-3-1994 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള മിനിമം ഗ്യാരന്റി വർക്കുകളാണ് ഈ സാമ്പത്തിക വർഷം ചെയ്തു തീർക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

ഊർജ്ജമേഖലയെ സംബന്ധിക്കുന്ന ഉപദേഷ്ടാവിന്റെ യോഗ്യതകളും പരിചയവും

108 (275) ശ്രീ.വി. ജെ. പൗലോസ്:
ശ്രീ. ജോർജ്. ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് ഊർജ്ജ മേഖലയെ സംബന്ധിക്കുന്ന കാര്യങ്ങൾക്ക് ഒരു ഉപദേഷ്ടാവിനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെന്ന് അറിയിക്കുമോ;

(ബി) ഇദ്ദേഹത്തിന്റെ യോഗ്യതയും പരിചയവും എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇദ്ദേഹത്തിന്റെ സേവന-വേതന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ശ്രീ.എസ്.എം.സി.പിള്ള.

(ബി) ഇദ്ദേഹത്തിന് തെർമൽ പവർ പ്ലാന്റ് എഞ്ചിനീയറിംഗിൽ ബിരുദാനന്തര ബിരുദമുണ്ട്. "ഇൻസ്റ്റിട്യൂഷൻ ഓഫ് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക് എഞ്ചിനീയേഴ്സ്" എന്ന സ്ഥാപനത്തിലെ ഒരു സീനിയർ മെമ്പർ കൂടിയാണ് ഇദ്ദേഹം.

(സി) ഇദ്ദേഹത്തിന് ശമ്പളമോ മറ്റ് അലവൻസുകളോ നൽകുന്നില്ല. അദ്ദേഹത്തിന്റെ ആസ്ഥാനമായ ഹൈദരാബാദിൽ നിന്നും ഗവൺമെന്റ് നിർദ്ദേശിക്കുന്ന ഔദ്യോഗികാവശ്യങ്ങൾക്കുള്ള യാത്രയ്ക്ക് ടി.എ.യും, ഡി.എ.യും ഗവൺമെന്റ് സെക്രട്ടറിമാരുടെ നിരക്കിൽ നൽകുന്നുണ്ട്. സ്റ്റേറ്റ് ഗസ്റ്റ് ഹൗസിൽ താമസ സൗകര്യവും നൽകുന്നു.

സംസ്ഥാനത്തെ ജല-ജലേതര വൈദ്യുത നിലയങ്ങൾ

109 (276) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ്:

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജല സ്രോതസ്സുകളല്ലാത്ത മറ്റ് ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എത്ര വൈദ്യുതി നിലയങ്ങൾ ഇപ്പോൾ ഉണ്ട്;

(ബി) അവ ഏതൊക്കെയാണെന്നറിയിക്കാമോ;

(സി) അവയുടെ ഉത്പാദന ശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഏതെങ്കിലും പദ്ധതി കമ്മീഷൻ ചെയ്തശേഷം വൈദ്യുതി ഉത്പാദനം നിർത്തിവയ്ക്കേണ്ടി വന്നിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അത് ഏത് പദ്ധതിയാണെന്നും അതിന്റെ കാരണമെന്താണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) &(ബി) ജലേതര വൈദ്യുത നിലയങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. കഞ്ചിക്കോട് വിൻഡ് ഫാം	-	2 മെഗാവാട്ട്
2. ബ്രഹ്മപുരം താപനിലയം	-	106.6 മെഗാവാട്ട്
3. കോഴിക്കോട് താപനിലയം	-	128 മെഗാവാട്ട്
4. കായംകുളം താപ വൈദ്യുത നിലയം (നാഫ്ത)	-	350 മെഗാവാട്ട്
5. ബി.എസ്.ഇ.എസ്. (നാഫ്ത)	-	157 മെഗാവാട്ട്

LIBRARY ARCHIVES Kerala Legislative Assembly